# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2419 12.06.2018- ൽ മറുപടിക്ക്

## സൂക്ഷ്മ ചെറുകിട അതിസൂക്ഷ്മ നാനോ വ്യവസായങ്ങൾ

**ചോദ്യം** | **ഉത്തരം**

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**

**ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്കും അതി സൂക്ഷ്മ നാനോ വ്യവസായങ്ങൾക്കും ഉള്ള പ്രാധാന്യം മനസ്സിലാക്കി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | എ) | 1. **സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്)**<br>സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയെന്ന ലക്ഷ്യത്തോടെ വകുപ്പിൽ നിലവിലുണ്ടായിരുന്ന പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് 2012-ൽ സംരംഭക സഹായപദ്ധതി നിലവിൽ വന്നു. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. ഇത് 3 ഘട്ടങ്ങളിലാണ് നൽകുന്നത്.<br>• സ്റ്റാർട്ട് അപ് സപ്പോർട്ട്<br>• ഇൻവെസ്റ്റ്മെൻറ് സപ്പോർട്ട്<br>• ടെക്നോളജി സപ്പോർട്ട്<br>2. **നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി.**<br>5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ടതുമായതും ഉല്പാദക ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ടതും, വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/ വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്യു നൽകുന്നത്.<br>3. **സ്കീം ഫോർ റീ ഇംബേഴ്സ്മെൻറ് ഓഫ് ഇ.എസ്.ഐ & ഇ.പി.എഫ് കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെൻറ് ഇൻ എം.എസ്.എം.ഇ**<br>ഈ പദ്ധതി പ്രകാരം 01.04.2017 ന് ശേഷം സൃഷ്ടിക്കപ്പെടുന്ന ഓരോ അധിക തൊഴിലിനും അനുസൃതമായി, ഇഎസ്ഐ, |

ഇപിഎഫ് എന്നീ ഇനങ്ങളിൽ തൊഴിലുടമയുടെ വിഹിതമായി അടയ്ക്കുന്ന തുകയുടെ 75% 3 വർഷത്തേക്ക് റീ ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതിയാണിത്. 01.04.2017 ന് ശേഷം ഏറ്റവും കുറഞ്ഞത് 5 പേർക്കെങ്കിലും തൊഴിൽ നൽകുന്നതും ഉൽപ്പാദന, സേവന മേഖലയിലുള്ളതുമായ എല്ലാ മൈക്രോ, സ്മാൾ, മീഡിയം സംരംഭങ്ങൾക്കും ഈ ആനുകൂല്യം ലഭിക്കും. സംരംഭകരേയും, തൊഴിലാളികളെയും ഒരുപോലെ സഹായിക്കുന്നതിന് വേണ്ടി ഏകദേശം 3 വർഷ കാലയളവിലേയ്ക്കുള്ള ഒരു പ്രോത്സാഹനമായിട്ടാണ് ഈ പദ്ധതി.

**4. ദി കേരള സ്റ്റസ്ഡ് എം.എസ്.എം.ഇ റിവൈവൽ ആൻറ് റിഹാബിലിറ്റേഷൻ സ്കീം**

എം.എസ്.എം.ഇ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിച്ച് 2018-19 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പദ്ധതിയാണിത്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, മാനേജർ ക്രഡിറ്റ്, ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിലെ (ബാങ്ക്) മാനേജർമാർ, പ്രോജക്ട് കൺസൾട്ടൻറ്, ധനകാര്യം, സാങ്കേതികം, വാണിജ്യം എന്നീ മേഖലകളിലെ വിദഗ്ധർ, (ടെക്നോക്രാറ്റ്) എന്നിവരെ ഉൾപ്പെടുത്തിയുള്ള ഒരു വിദഗ്ധ സമിതിയുടെ നിരീക്ഷണത്തിൽ നിർദ്ദിഷ്ട മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രശ്നങ്ങൾ നേരിടുന്ന എം.എസ്.എം.ഇകളെ കണ്ടെത്തുകയും, ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും, ലീഡ് ബാങ്ക് മാനേജർ, ജില്ലാ പ്രസിഡൻറ് KSSIA, ധനകാര്യ സ്ഥാപനങ്ങളിലെ അംഗങ്ങൾ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, KSEB, ഡെപ്യൂട്ടി കമ്മിഷണർ, GST, റെപ്രസെൻറേറ്റിവ് MSME DI എന്നിവർ അംഗങ്ങളായും (ക്വാറം 5) വ്യവസായ മിത്രയെന്ന പേരിൽ എം.എസ്.എം.ഇ. വികസന കമ്മറ്റി രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. മേൽ പറഞ്ഞിട്ടുള്ള കമ്മറ്റികളിൽ വച്ചാണ് ഓരോ യൂണിറ്റുകൾക്കും ആവശ്യമായ സഹായം എന്താണെന്ന് കണ്ടെത്തുകയും അത് അനുവദിക്കുകയും ചെയ്യുന്നത്.

ധനകാര്യ സ്ഥാപനങ്ങളുടെയും ബാങ്കുകളുടെയും സഹായത്തോടെ ഈ പദ്ധതി നടത്തിപ്പിനായി കോർപ്പസ് ഫണ്ട് രൂപീകരിക്കാനുദ്ദേശിക്കുന്നത്. താഴെ പറയുന്ന തരത്തിലുള്ള ധനസഹായമാണ് ഈ പദ്ധതി മുഖേന നൽകുന്നത്.

1. നിലവിലുള്ള വായ്പ അക്കൗണ്ട് പുനക്രമീകരണം ചെയ്യുക.
2. പുനരുദ്ധരിക്കാനാകുന്ന യൂണിറ്റുകൾക്ക് പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ ചിലവുകൾ നൽകുക.
3. നിയമപരമായി അടക്കേണ്ടുന്ന ബാധ്യതകൾ അടയ്ക്കുന്നതിന് സഹായം.
4. പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവുകൾ, പരമാവധി 10,000/- രൂപ.

2018-19 ബഡ്ജറ്റിൽ ഈ പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്തിന്റെ വിഹിതമായ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ഇത്തരം പദ്ധതികൾക്കായി വായ്പയെടുക്കുന്ന സംരംഭകർക്ക് വാർഷിക പലിശയിൽ സബ്സിഡി അനുവദിക്കാറുണ്ടോ; | ബി) | നാനോ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പയെടുക്കുന്ന വ്യവസായ സംരംഭകർക്ക് ടേം വായ്പയിൽ ആദ്യ മൂന്ന് വർഷത്തേക്ക് 6% മുതൽ 8% ശതമാനം വരെ പലിശ ഇളവ് റീഇംബേഴ്സ്മെൻറ് വ്യവസ്ഥയിൽ അനുവദിക്കുന്നു. |
| സി) | വനിതകൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും എന്തൊക്കെ ഇളവുകളാണ് നൽകുന്നത്; | സി) | നാനോ ഗാർഹിക വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജനറൽ വിഭാഗത്തിൽപെട്ടവർ എടുത്തിട്ടുള്ള ടേം വായ്പയിൽ 6% വരെ പലിശ സബ്സിഡി ലഭിക്കുന്നു. വനിത/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനായി എടുത്തിട്ടുള്ള വായ്പയുടെ വാർഷിക പലിശയിൽ 8% വരെ സബ്സിഡി ലഭിക്കുന്നു. സംരംഭകത്വ സഹായ പദ്ധതിയിൽ സ്ഥിരമൂലധന നിക്ഷേപത്തിൻമേൽ ജനറൽ വിഭാഗത്തിൽപെട്ടവർക്ക് 15%, പരമാവധി 20 ലക്ഷം വരെ, ധനസഹായം ലഭിക്കുമ്പോൾ വനിതകൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും 20%, പരമാവധി 30 ലക്ഷം വരെ, ധനസഹായം ലഭിക്കുന്നു. |
| (ഡി) | പരിസ്ഥിതിക്ക് ദോഷകരമല്ലാത്ത ഇത്തരം ഗാർഹിക യൂണിറ്റുകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസിംഗിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അത് ഇത്തരം സ്ഥാപനങ്ങളുടെ വളർച്ചയിൽ എന്ത് മാത്രം സഹായകമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ഡി) | പരിസ്ഥിതിക്ക് ദോഷകരമല്ലാത്ത ഇത്തരം ഗാർഹിക യൂണിറ്റുകളെ 3.11.2017 തീയതിയിലെ G.O(Ms)No.116/2017/ID എന്ന ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസിംഗിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. Self Certification Memorandum ഫയൽ ചെയ്ത് യൂണിറ്റുകൾക്ക് പ്രവർത്തിക്കാനാകും. 23.11.2017 ലാണ് ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷം 107 യൂണിറ്റുകൾക്ക് ഈ പദ്ധതിയിൽ സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്. |
| ഇ) | ഈ പദ്ധതിയിൻ കീഴിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് ദേശീയ, അന്തർദ്ദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിന് ഇ-പോർട്ടൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഇ) | ഈ പദ്ധതിയിൽ കീഴിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്കു മാത്രമായി web portal രൂപീകരിച്ചിട്ടില്ല. എന്നാൽ പൊതുവായി എസ്.എം.ഇ-കൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി web portal രൂപീകരിച്ചിട്ടുണ്ട്. വെബ് സൈറ്റ് ചുവടെ ചേർക്കുന്നു.<br>1. www.keralasme.org<br>2. www.keralasme.com |

**സെക്ഷൻ ഓഫീസർ**